## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 190 09.12.2014- ൽ മറുപടിക്ക്**

## "ബഹുതല ഓൺലൈൻ വിപണനം"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ**<br>**ശ്രീ. എൻ.എ. നെല്ലിക്കുന്ന്**<br>**ശ്രീ. സി. മമ്മൂട്ടി**<br>**ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ബഹുതല ഓൺലൈൻ വിപണനം നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി ഇതിനെ വ്യവസായമായി അംഗീകരിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം പരിഗണനയിലുണ്ടോ; | എ) & ബി) | എല്ലാ വിധത്തിലുമുള്ള ബഹുതല വിപണന സംവിധാനവും സംസ്ഥാനത്ത് നിയമവിധേയമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് ബഹുതല വിപണനം നിയന്ത്രിക്കുന്നതിനുള്ള ഒരു കരട് ബില്ല് സർക്കാർ പരിശോധിച്ചുവരുന്നു. ആയതിന്റെ അന്തിമരൂപം ആയിട്ടില്ല. |
| ബി) | എങ്കിൽ പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രധാന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | | |
| സി) | ഓൺലൈൻ വിപണനത്തിൽ നിന്നും വില്പന നികുതി ഈടാക്കുന്നതു സംബന്ധിച്ച് പ്രസ്തുത നിയമത്തിൽ എന്തെങ്കിലും വ്യവസ്ഥ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | സി) | ഇക്കാര്യം നികുതി വകുപ്പുമായി കൂടി ആലോചിച്ച് പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**